പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.652 — 29/10/2019-ൽ മറുപടിക്ക്

ഇടക്കൊച്ചി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

	ചോദ്യം **ശ്രീ.ജോൺ ഫെർണാണ്ടസ്**		മറുപടി ശ്രീ. എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)
(എ)	കെ.എസ്.ഇ.ബി.യുടെ 24.02.2016-ലെ BO(DB)No.594/2016(D(D&S)/D6/AE2 /New Section/2016) നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച എറണാകുളം ജില്ലയിലെ ഇടക്കൊച്ചി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;	(എ) & (ബി)	പുതിയതായി അനുവദിച്ച ഇടക്കൊച്ചി സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് വാടക രഹിത കെട്ടിടം ലഭ്യമാക്കേണ്ടതുണ്ടെന്ന് ബോർഡ് നിഷ്കർഷിച്ചിട്ടുണ്ട്. പള്ളുരുത്തി കച്ചേരിപ്പടി മാർക്കറ്റിന് സമീപം കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിന്റെ മുകൾഭാഗം ഓഫീസ് തുടങ്ങുന്നതിനായി നൽകാമെന്ന് കോർപ്പറേഷൻ സമ്മതിച്ചിട്ടുണ്ട്. കെട്ടിടത്തിൽ സെക്ഷനോഫീസ് സജ്ജീകരിക്കുന്ന പ്രവൃത്തികൾക്കായി 9.8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കോർപ്പറേഷന്റെ കെട്ടിടം ബോർഡ് ഏറ്റെടുത്ത് ഓഫീസ് സജ്ജമാക്കുകയും ഓഫീസിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ പുനർവിന്യാസം വഴി നിയമിക്കുകയും ചെയ്യുന്ന മുറയ്ക്ക് ഇടക്കൊച്ചി ഇലക്ട്രിക്കൽ സെക്ഷന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.
(ബി)	ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ?		

സെക്ഷൻ ഓഫീസർ